പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2354 | 01.04.2013-ൽ മറുപടിക്ക്

**ജീവിതശൈലീ രോഗങ്ങളുടെ കാരണങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ജീവിതശൈലീ രോഗങ്ങളായ ബ്ലഡ് പ്രഷർ, പ്രമേഹം പോലുള്ള ഗൗരവകരമായ അസുഖങ്ങൾ പലതും നമ്മൾ പലപ്പോഴും മറ്റു രോഗങ്ങളുടെ ചികിത്സാർത്ഥം കഴിക്കുന്ന മരുന്നുകളുടെ അനന്തര ഫലങ്ങൾ കൂടിയാണോ എന്നു പരിശോധിക്കുവാൻ എന്തെങ്കിലും പഠനങ്ങൾ ആരോഗ്യ മേഖലയിൽ നടക്കുന്നുണ്ടോ എന്നു പറയാമോ ; | (എ) ഇത് സംബന്ധിച്ച് പ്രത്യേക പഠനങ്ങൾ നടത്തിയിട്ടില്ല. |
| (ബി) പ്രതിരോധ മരുന്നുകളും വാക്സിനുകളും പൊതുജനങ്ങൾക്കും സ്കൂൾ കുട്ടികൾക്കും സൗജന്യമായി വിതരണം ചെയ്യുമ്പോൾ അതു കഴിക്കേണ്ടവർ മറ്റെന്തെങ്കിലും അസുഖങ്ങൾ ഉള്ളവരും അത്തരം അസുഖങ്ങൾക്ക് മരുന്നു കഴിക്കുന്നവരുമാണോ എന്ന് പരിശോധിക്കാറുണ്ടോ ; | (ബി) പ്രതിരോധ മരുന്നുകളും വാക്സിനുകളും പൊതുജനങ്ങൾക്കും സ്കൂൾ കുട്ടികൾക്കും വിതരണം ചെയ്യുന്നതിനു മുൻപ് തന്നെ സുരക്ഷയെ മുൻനിർത്തി മരുന്ന് കഴിക്കേണ്ടാത്തവർ ആരൊക്കെയാണെന്നുള്ളതും അതുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങളും വിവിധ മാധ്യമങ്ങളിൽ കൂടി മുൻകൂട്ടി അറിയിക്കാറുണ്ട്. മാത്രമല്ല മരുന്ന് വിതരണം നടത്തുന്ന സമയത്ത് കഴിക്കേണ്ടാത്തവർക്ക് ആരോഗ്യ പ്രവർത്തകരും സന്നദ്ധ പ്രവർത്തകരും മരുന്ന് നൽകാറില്ല. ഇതിനാവശ്യമായ പരിശീലനം ബന്ധപ്പെട്ട എല്ലാ ആരോഗ്യ പ്രവർത്തകർക്കും നൽകാറുമുണ്ട്. |
| (സി) ഇപ്രകാരം പ്രതിരോധ മരുന്നുകൾ കഴിക്കുമ്പോൾ അപൂർവ്വമെങ്കിലും ചില അസ്വസ്ഥതകളോ, അസുഖങ്ങളോ മരുന്നു കഴിക്കുന്നവരിലും കുട്ടികളിലും ഉണ്ടാകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (സി) ഉണ്ട്. |
| (ഡി) ഇത്തരം അനുഭവങ്ങൾ പ്രതിരോധ മരുന്നുകളെക്കുറിച്ച് തെറ്റിദ്ധാരണകൾ ഉണ്ടാക്കാനിടയുണ്ടെന്നു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ; എന്തു നടപടികളാണ് ഇതിന്റെ പേരിൽ കൈക്കൊണ്ടിട്ടുള്ളത് എന്ന് അറിയിക്കാമോ ? | (ഡി) ഉണ്ട്. ഇത് സംബന്ധിച്ച് ആവശ്യമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ വിവിധ തലങ്ങളിൽ നടത്താറുണ്ട്. മരുന്നുകൾ കഴിക്കുമ്പോൾ ആൾക്കാർക്ക് ഉണ്ടാകാനിടയുള്ള അസ്വസ്ഥതകളെ വേണ്ട രീതിയിൽ ചികിത്സിക്കുവാൻ ആരോഗ്യവകുപ്പ് വിവിധ തലങ്ങളിൽ റാപ്പിഡ് റെസ്പോൺസ് ടീമിനെ സജ്ജമാക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ